| 31-10-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - നിങ്ങൾ ഗുപ്തമായ ആത്മീയ വിമോചന സേനയാണ്, നിങ്ങൾക്ക് മുഴുവൻ ലോകത്തെയും മോചിപ്പിക്കണം, മുങ്ങിയ തോണിയെ അക്കരെ എത്തിക്കണം.**

**ചോദ്യം -** മുഴുവൻ കല്പത്തിലും ഇല്ലാത്ത ഏതൊരു യുണിവേഴ്സിറ്റിയാണ് ബാബ സംഗമത്തിൽ തുറക്കുന്നത്?

**ഉത്തരം -** രാജപദവി പ്രാപ്തമാക്കുന്നതിന് വേണ്ടി പഠിക്കാനുള്ള ഗോഡ് ഫാദർലി യുണിവേഴ്സിറ്റി ബാബ തന്നെയാണ് സംഗമത്തിൽ തുറക്കുന്നത്. അങ്ങനെയുള്ള യുണിവേഴ്സിറ്റി മുഴുവൻ കല്പത്തിലും ഉണ്ടായിരിക്കുകയില്ല. ഈ യുണിവേഴ്സിറ്റിയിൽ പഠിപ്പ് പഠിച്ച് നിങ്ങൾ ഡബിൾ കിരീടധാരി രാജാക്കന്മാരുടെയും രാജാവായി മാറുന്നു.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികളോട് ആദ്യമാദ്യം ബാബ ചോദിക്കുകയാണ്, ഇവിടെ വന്ന് ഇരിക്കുമ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നുണ്ടോ? എന്തുകൊണ്ടെന്നാൽ നിങ്ങൾക്കിവിടെ യാതൊരു ജോലി, മിത്ര-സംബന്ധി മുതലായവയൊന്നും ഇല്ല. നമ്മൾ പരിധിയില്ലാത്ത ബാബയെ കാണാൻ പോവുകയാണ് എന്ന് ചിന്തിച്ചാണ് നിങ്ങൾ വരുന്നത്. ആരാണ് പറയുന്നത്? ആത്മാവ് ശരീരത്തിലൂടെ സംസാരിക്കുകയാണ്. പാരലൗകിക അച്ഛൻ ഈ ശരീരം വായ്പയായി എടുത്തിരിക്കുകയാണ്, ഇവരിലൂടെ മനസ്സിലാക്കി കൊടുക്കുന്നു. പരിധിയില്ലാത്ത ബാബ വന്ന് പഠിപ്പിക്കുന്ന ഇത് ഒരു തവണ മാത്രമാണ് നടക്കുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ തോണി അക്കരയെത്തും. ഓരോരുത്തരുടെയും തോണി മുങ്ങിയിരിക്കുകയാണ്, ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും തോണി മറുകര എത്തും. പാടാറുണ്ടല്ലോ - അല്ലയോ തോണിക്കാരാ എന്നെ മറുകര എത്തിക്കൂ. വാസ്തവത്തിൽ ഓരോരുത്തർക്കും തന്റെ പുരുഷാർത്ഥത്തിലൂടെ മറുകര കടക്കണം. എങ്ങനെയാണോ നീന്താൻ പഠിപ്പിക്കുന്നത് പിന്നീട് പഠിച്ചു കഴിഞ്ഞാൽ സ്വയം തന്നെ നീന്തുന്നു. അതെല്ലാം ഭൗതീകമായ കാര്യങ്ങളാണ്. ഇത് ആത്മീയ കാര്യങ്ങളാണ്. നിങ്ങൾക്കറിയാം ആത്മാവിപ്പോൾ അഴുക്ക് കുഴിയിൽ അകപ്പെട്ടിരിക്കുകയാണ്. ഇതിൽ മാനിന്റെ ഉദാഹരണം കൊടുത്തിരിക്കുന്നു. വെള്ളമാണെന്ന് വിചാരിച്ച് പോകുന്നു, പക്ഷെ അത് അഴുക്കായിരുന്നു, അതിനാൽ അതിൽ വീഴുന്നു. ഇടയ്ക്കിടയ്ക്ക് കപ്പൽ, മോട്ടോർ വാഹനം മുതലായവയും ചെളിയിൽ പെടാറുണ്ട്. പിന്നീട് അതിനെ രക്ഷപ്പെടുത്തുന്നു. അതെല്ലാം രക്ഷാസേനകളാണ്. നിങ്ങൾ ആത്മീയ സേനകളാണ്. നിങ്ങൾക്കറിയാം എല്ലാവരും മായയുടെ ചെളിയിൽ വളരെയധികം പെട്ടിരിക്കുകയാണ്, ഇതിനെ മായയുടെ ചെളി എന്ന് പറയപ്പെടുന്നു. ബാബ വന്ന് മനസ്സിലാക്കി തരുകയാണ് - ഇതിൽ നിന്ന് നിങ്ങൾക്കെങ്ങനെ പുറത്തു കടക്കാൻ സാധിക്കും. അവർ മോചിപ്പിക്കുന്നു, അതിൽ മനുഷ്യർക്ക് മനുഷ്യരുടെ സഹായം ആവശ്യമാണ്. ഇവിടെയാണെങ്കിൽ ആത്മാവാണ് ചെളിയിൽ മുങ്ങുന്നത്. ബാബ വഴി പറഞ്ഞു തരുകയാണ് ഇതിൽ നിന്ന് നിങ്ങൾക്കെങ്ങനെ പുറത്തു വരാൻ സാധിക്കും. പിന്നീട് മറ്റുള്ളവർക്കും വഴി പറഞ്ഞു കൊടുക്കാൻ കഴിയും. തനിക്കും മറ്റുള്ളവർക്കും വഴി പറഞ്ഞു കൊടുക്കണം നിങ്ങളുടെ തോണി ഈ വിഷയ സാഗരത്തിൽ നിന്ന് ആ ക്ഷീരസാഗരത്തിൽ എങ്ങനെ പോകും. സത്യയുഗത്തെ ക്ഷീരസാഗരം അർത്ഥം സുഖത്തിന്റെ സാഗരമെന്ന് പറയുന്നു. ഇത് ദുഖത്തിന്റെ സാഗരമാണ്. രാവണൻ ദുഖത്തിന്റെ സാഗരത്തിൽ മുക്കുന്നു. ബാബ വന്ന് സുഖത്തിന്റെ സാഗരത്തിലേയ്ക്ക് കൂട്ടികൊണ്ട് പോകുന്നു. നിങ്ങളെ ആത്മീയ വിമോചന സേനയെന്ന് പറയുന്നു. നിങ്ങൾ ശ്രീമതത്തിലൂടെ എല്ലാവർക്കും വഴി പറഞ്ഞു കൊടുക്കുന്നു. എല്ലാവർക്കും മനസ്സിലാക്കി കൊടുക്കൂ- രണ്ട് അച്ഛന്മാരുണ്ട്, ഒന്ന് പരിധിയുള്ളത്, രണ്ടാമത്തേത് പരിധിയില്ലാത്തത്. ലൗകിക അച്ഛനുണ്ടായിട്ടുപോലും എല്ലാവരും പാരലൗകിക അച്ഛനെ ഓർമ്മിക്കുന്നു പക്ഷെ അവരെ ഒട്ടും അറിയുന്നില്ല. ബാബ ഒരു ഗ്ലാനിയും ചെയ്യുന്നില്ല, മറിച്ച് ഡ്രാമയുടെ രഹസ്യം മനസ്സിലാക്കി തരുന്നു. ഇതും മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടി തന്നെയാണ് പറയുന്നത് ഈ സമയം എല്ലാ മനുഷ്യരും 5 വികാരമാകുന്ന ചെളികുഴിയിൽ അകപ്പെട്ട ആസൂരീയ സമ്പ്രദായത്തിലാണ്. ദൈവീക സമ്പ്രദായക്കാരെ ആസൂരീയ സമ്പ്രദായക്കാർ പോയി നമസ്ക്കരിക്കുന്നു എന്തുകൊണ്ടെന്നാൽ അവർ സമ്പൂർണ്ണ നിർവികാരിയാണ്. സന്യാസിമാരെയും നമസ്ക്കരിക്കുന്നു, അവരും വീട് ഉപേക്ഷിച്ച് പോവുന്നു, പവിത്രമായിരിക്കുന്നു. ഈ സന്യാസിമാരും ദേവതകളും തമ്മിൽ രാവിന്റെയും പകലിന്റെയും വ്യത്യാസമുണ്ട്. ദേവതകളുടെയാണെങ്കിൽ ജന്മം പോലും യോഗബലത്തിലൂടെയാണുണ്ടാവുന്നത്. ഈ കാര്യങ്ങൾ ആരും അറിയുന്നില്ല. എല്ലാവരും പറയുന്നു ഈശ്വരന്റെ ഗതിയും മതവും വേറിട്ടതാണ്, ഈശ്വരന്റെ അന്ത്യം കണ്ടെത്താൻ സാധിക്കില്ല. കേവലം ഈശ്വരൻ അഥവാ ഭഗവാൻ എന്ന് പറയുന്ന

തിലൂടെ ഇത്രയും സ്നേഹം വരുന്നില്ല. ഏറ്റവും നല്ല വാക്കാണ് ബാബ. മനുഷ്യർ പരിധിയില്ലാത്ത അച്ഛനെ അറിയാത്തതുകൊണ്ട് അനാഥരെ പോലയാണ്.

മാസികയിലും വന്നിട്ടുണ്ട്, മനുഷ്യർ എന്ത് പറയുന്നു, ഭഗവാൻ എന്ത് പറയുന്നു. ബാബ ഒരു ഗ്ലാനിയും ചെയ്യുന്നില്ല, കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ് എന്തുകൊണ്ടെന്നാൽ ബാബയ്ക്ക് എല്ലാവരെയും അറിയാമല്ലോ. മനസ്സിലാക്കുന്നതിന് വേണ്ടി പറയുകയാണ് – ഇവരിൽ ആസുരീയ ഗുണമുണ്ട്, പരസ്പരം വഴക്കിട്ടുകൊണ്ടിരിക്കുന്നു. ഇവിടെയാണെങ്കിൽ വഴക്കിടുന്നതിന്റെ ആവശ്യമില്ല. അത് കൗരവർ അർത്ഥം ആസുരീയ സമ്പ്രദായമാണ്. ഇത് ദൈവീക സമ്പ്രദായമാണ്. ബാബ മനസ്സിലാക്കി തരുകയാണ് – മനുഷ്യർ, മനുഷ്യർക്ക് മുക്തി അഥവാ ജീവൻമുക്തിക്ക് വേണ്ടി രാജയോഗം പഠിപ്പിക്കുക, ഇത് സാധ്യമല്ല. ഈ സമയം ബാബ തന്നെയാണ് നിങ്ങൾ ആത്മാക്കളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ദേഹാഭിമാനം, ദേഹീ അഭിമാനത്തിൽ നോക്കൂ എത്ര വ്യത്യാസമാണ്. ദേഹാഭിമാനത്തിലൂടെ നിങ്ങൾ വീണു കൊണ്ടേ വന്നു. ബാബ ഒരേയൊരു തവണ വന്ന് നിങ്ങളെ ദേഹീ അഭിമാനിയാക്കി മാറ്റുന്നു. സത്യയുഗത്തിൽ നിങ്ങൾ ശാരീരിക സംബന്ധം വെയ്ക്കുന്നില്ല എന്നല്ല. അവിടെ ഞാൻ ആത്മാവ് പരംപിതാ പരമാത്മാവിന്റെ സന്താനമാണ് എന്ന ജ്ഞാനമുണ്ടായിരിക്കില്ല. പ്രായേണ ഇല്ലാതാകുന്ന ഈ ജ്ഞാനം ഇപ്പോൾ മാത്രമാണ് നിങ്ങൾക്ക് ലഭിക്കുന്നത്. നിങ്ങൾ തന്നെയാണ് ശ്രീമതത്തിലൂടെ നടന്ന് പ്രാപ്തി നേടുന്നത്. ബാബ വരുന്നത് തന്നെ രാജയോഗം പഠിപ്പിക്കാനാണ്. ഈ പഠിപ്പ് വേറെയൊന്നും ഉണ്ടായിരിക്കില്ല. ഡബിൾ കിരീടധാരിയായ രാജാക്കന്മാർ സത്യയുഗത്തിലാണുണ്ടാവുന്നത്. പിന്നീട് സിംഗിൾ കിരീടധാരീ രാജാക്കന്മാരുമുണ്ട്, ഇപ്പോൾ ആ രാജപദവി ഉണ്ടായിരിക്കില്ല, പ്രജയുടെ പ്രജയുടെ മേലുള്ള രാജ്യമാണ്. നിങ്ങൾ കുട്ടികൾ ഇപ്പോൾ രാജപദവിക്ക് വേണ്ടി പഠിക്കുകയാണ്, ഇതിനെ ഗോഡ് ഫാദർലി യൂണിവേഴ്സിറ്റിയെന്ന് പറയപ്പെടുന്നു. നിങ്ങളുടെ പേരും എഴുതപ്പെട്ടിരിക്കുന്നു. അവർ കേവലം ഗീതാപാഠശാലയെന്ന് പേര് വെച്ചിരിക്കുന്നു. പഠിപ്പിക്കുന്നതാരാണ്? ശ്രീകൃഷ്ണ ഭഗവാനെന്ന് പറയും. കൃഷ്ണനാണെങ്കിൽ ഇപ്പോൾ പഠിപ്പിക്കാൻ സാധിക്കില്ല. കൃഷ്ണൻ സ്വയം പാഠശാലയിൽ പഠിക്കാൻ പോവുന്നു. രാജകുമാരനും രാജകുമാരിയും സ്ക്കൂളിൽ പോകുന്നു, അവിടുത്തെ ഭാഷ തന്നെ വേറെയാണ്. സംസ്കൃതത്തിൽ ഗീത പാടുന്നു, ഇങ്ങനെയുമല്ല. ഇവിടെയാണെങ്കിലോ അനേകം ഭാഷകളാണ്. ചില രാജാക്കന്മാർ തങ്ങളുടെ ഭാഷ പ്രയോഗിക്കുന്നു. സംസ്കൃത ഭാഷ ഒരു രാജാവിന്റെയുമല്ല. ബാബ ഒരു സംസ്കൃതവും പഠിപ്പിക്കുന്നില്ല. ബാബയാണെങ്കിൽ സത്യയുഗത്തിലേയ്ക്ക് വേണ്ടി രാജയോഗം പഠിപ്പിക്കുകയാണ്.

ബാബ പറയുന്നു കാമം മഹാശത്രുവാണ്, ഇതിന് മേൽ വിജയം നേടൂ. പ്രതിജ്ഞ ചെയ്യിപ്പിക്കുന്നു, ഇവിടെ ആര് വരുന്നോ അവരോട് പ്രതിജ്ഞ ചെയ്യിപ്പിക്കുന്നു. കാമത്തെ ജയിക്കുന്നതിലൂടെ നിങ്ങൾ ലോകത്തെ ജയിച്ചവരാകും. ഇതാണ് മുഖ്യമായ വികാരം. ഈ ഹിംസ ദ്വാപരയുഗം മുതൽ നടന്നു വരുകയാണ്, ഏതിലൂടെയാണോ വാമ മാർഗ്ഗം ആരംഭിച്ചത്. ദേവതകൾ എങ്ങനെ വാമമാർഗ്ഗത്തിൽ പോകുന്നു, അവരുടെയും ക്ഷേത്രമുണ്ട്. അവിടെ അനേകം മോശമായ ചിത്രങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. ബാക്കി വാമ മാർഗ്ഗത്തിൽ എപ്പോൾ പോയി, അതിന്റെ തിയ്യതിയും മാസവുമൊന്നുമില്ല. വ്യക്തമാകുന്നു കാമചിതയിൽ ഇരിക്കുന്നതുകൊണ്ട് കറുത്തതാകുന്നു പക്ഷെ പേരും രൂപവുമാണെങ്കിൽ മാറുന്നുണ്ടല്ലോ. കാമചിതയിൽ വീഴുന്നതിലൂടെ ഇരുമ്പ് യുഗമായി മാറുന്നു. ഇപ്പോഴാണെങ്കിൽ 5 തത്വങ്ങളും തമോപ്രധാനമാണല്ലോ, അതുകൊണ്ട് ശരീരവും അങ്ങനെ തമോപ്രധാനമായി മാറുന്നു. ജന്മനാ തന്നെ ചിലർ എങ്ങനെ, ചിലർ എങ്ങനെയാവുന്നു. അവിടെയാണെങ്കിൽ ഒരുപോലെ മനോഹരമായ ശരീരമായിരിക്കും. ഇപ്പോൾ തമോപ്രധാനമായതുകാരണം ശരീരവും അങ്ങനെയുള്ളതാണ്. മനുഷ്യർ ഈശ്വരൻ, പ്രഭൂ എന്നെല്ലാം വിവിധ പേരിൽ ഓർമ്മിക്കുന്നു പക്ഷെ ആ പാവങ്ങൾക്ക് അറിയുകയേയില്ല. ആത്മാവ് തന്റെ അച്ഛനെ ഓർമ്മിക്കുകയാണ് – അല്ലയോ ബാബാ, വന്ന് ശാന്തി തരൂ. ഇവിടെയാണെങ്കിൽ കർമ്മേന്ദ്രിയത്തിലൂടെ പാർട്ടഭിനയിച്ചുകൊണ്ടിരിക്കുകയാണ് അപ്പോൾ ശാന്തി എങ്ങനെ ലഭിക്കും. വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു, എപ്പോഴാണോ ഈ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നത്. പക്ഷെ കല്പത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷമാണെന്ന് പറയുകയാണെങ്കിൽ പാവം മനുഷ്യർ എങ്ങനെ മനസ്സിലാക്കും. എപ്പോഴാണോ ഇവരുടെ(ദേവതകളുടെ) രാജ്യമായിരുന്നത് അപ്പോൾ ഒരു രാജ്യം, ഒരു ധർമ്മമായിരുന്നു. വേറെ ഒരു ഖണ്ഡത്തിലും ഇങ്ങനെ പറയുകയില്ല ഒരു ധർമ്മം ഒരു രാജ്യമാണെന്ന്. ഇവിടെ ഒരു രാജ്യം വേണമെന്ന് ആത്മാവ് യാചിക്കുകയാണ്. നിങ്ങളുടെ ആത്മാവിനറിയാം ഇപ്പോൾ നമ്മൾ ഒരു രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ നമ്മൾ മുഴുവൻ വിശ്വത്തിന്റെയും അധികാരിയായിരിക്കും. ബാബ നമുക്ക് എല്ലാം നൽകുന്നു. ആർക്കും നമ്മിൽ നിന്ന് രാജ്യഭാഗ്യം തട്ടിയെടുക്കാൻ സാധിക്കില്ല. നമ്മൾ മുഴുവൻ വിശ്വത്തിന്റെയും അധികാരിയായി മാറുന്നു. വിശ്വത്തിൽ സൂക്ഷ്മവതനം, മൂലവതനം ഒന്നും ഇല്ല. ഈ സൃഷ്ടിയുടെ ചക്രം ഇവിടെ തന്നെ കറങ്ങികൊണ്ടിരിക്കുന്നു. ഇത് രചയിതാവായ ബാബയ്ക്കേ അറിയൂ.

രചന രചിക്കുന്നു, അങ്ങനെയുമല്ല. ബാബ വരുന്നത് തന്നെ സംഗമത്തിലാണ്, പഴയ ലോകത്തിൽ നിന്ന് പുതിയ ലോകമാക്കുന്നതിന്. ദൂരദേശത്തു നിന്ന് ബാബ വന്നിരിക്കുകയാണ്, നിങ്ങൾക്കറിയാം പുതിയ ലോകവും നമുക്ക് വേണ്ടിയാണുണ്ടാക്കുന്നത്. ബാബ നമ്മുടെ ആത്മാക്കളെ അലങ്കരിച്ചുകൊണ്ടിരിക്കുക യാണ്. അതിനോടൊപ്പം പിന്നീട് നിങ്ങളുടെ ശരീരവും അലങ്കരിക്കപ്പെടും. ആത്മാവ് പവിത്രമാകുന്നതി ലൂടെ പിന്നീട് ശരീരവും സതോപ്രധാനമായത് ലഭിക്കും. സതോപ്രധാന തത്വം കൊണ്ട് ശരീരം നിർമ്മി ക്കും. ഇവരുടെ സതോപ്രധാന ശരീരമാണല്ലോ അതുകൊണ്ടാണ് സ്വാഭാവിക സൗന്ദര്യമായിരിക്കുന്നത്. പാടപ്പെടുന്നുണ്ട് ധർമ്മമാണ് ശക്തി. ഇപ്പോൾ എവിടെ നിന്ന് ശക്തി ലഭിച്ചു ? ഒരേയൊരു ദേവീ ദേവതാ ധർമ്മത്തിലൂടെയാണോ ശക്തി ലഭിക്കുന്നത്. ഈ ദേവതകൾ തന്നെയാണ് മുഴുവൻ വിശ്വത്തിന്റെയും അധികാരിയാവുന്നത് വേറെയാരും വിശ്വത്തിന്റെ അധികാരിയാവുന്നില്ല. നിങ്ങൾക്ക് വളരെയധികം ശക്തി ലഭിക്കുന്നു. എഴുതിയിട്ടുമുണ്ട് ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ശിവബാബ ബ്രഹ്മാ വിലൂടെ ചെയ്യുന്നു. ഈ കാര്യങ്ങൾ ലോകത്തിലാർക്കും തന്നെ അറിയുകയില്ല. ബാബ പറയുകയാണ് ഞാൻ ബ്രാഹ്മണ കുലത്തിന്റെ സ്ഥാപന ചെയ്യുന്നു പിന്നീട് അവരെ സൂര്യ വംശീ കുലത്തിലേയ്ക്ക് കൂട്ടി കൊണ്ട് വരുന്നു. ആരാണോ നല്ല രീതിയിൽ പഠിക്കുന്നത് അവർ പാസായി സൂര്യവംശിയിലേയ്ക്ക് വരു ന്നു. ഇതെല്ലാം ജ്ഞാനത്തിന്റെ കാര്യമാണ്. അവർ പിന്നെ സ്ഥൂലമായ ബാണവും ആയുധവുമൊക്കെ കാണിച്ചിരിക്കുന്നു. അമ്പ് അയക്കാനും പഠിപ്പിക്കുന്നു. ചെറിയ കുട്ടികൾക്ക് പോലും തോക്ക് ഉപയോഗി ക്കാൻ പഠിപ്പിക്കുന്നു. നിങ്ങളുടെത് പിന്നെ യോഗബാണമാണ്. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മി ക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. ഹിംസയുടെ ഒരു കാര്യവുമില്ല. നിങ്ങളുടെ പഠിപ്പും ഗുപ്തമാണ്. നിങ്ങൾ സ്പിരിചൽ, ആത്മീയ വിമോചന സേനയാണ്. ഇത് ആർക്കും അറിയുക യില്ല ആത്മീയ സേന എങ്ങനെ ഉണ്ടാകുന്നു. നിങ്ങൾ ഗുപ്തമായ ആത്മീയ വിമോചന സേനകളാണ്. മുഴുവൻ ലോകത്തെയും നിങ്ങൾ മോചിപ്പിക്കുന്നു. എല്ലാവരുടെയും തോണി മുങ്ങിയിരിക്കുകയാണ്. ബാക്കി സ്വർണ്ണത്തിന്റെ ലങ്കയൊന്നുമില്ല. സുവർണ്ണ ദ്വാരക താഴെയ്ക്ക് പോയി, അത് പുറത്ത് വരും, ഇങ്ങനെയൊന്നുമില്ല, ദ്വാരകയിൽ ഇവരുടെ രാജ്യമായിരുന്നു പക്ഷെ സത്യയുഗത്തിലായിരുന്നു. സത്യ യുഗീ രാജാക്കന്മാരുടെ വസ്ത്രം തന്നെ വേറെയാണ്, ത്രേതായുടെ വേറെ. വിവിധ തരത്തിലുള്ള വസ്ത്ര ങ്ങൾ, വിവിധ തരം ആചാരങ്ങളുണ്ടാകുന്നു. ഓരോ രാജാക്കന്മാരുടെ ആചാരങ്ങളും അവരവരുടെതാ ണ്, സത്യയുഗത്തിന്റെ പേര് കേൾക്കുമ്പോഴേ മനസ്സ് സന്തോഷിക്കുന്നു. പറയുന്നത് തന്നെ സ്വർഗ്ഗം, പാര ഡൈസ് എന്നാണ് പക്ഷെ മനുഷ്യർക്ക് ഒന്നും തന്നെ അറിയില്ല. മുഖ്യമായത് ഈ ദിൽവാഡാ ക്ഷേത്രമാ ണ്. നിങ്ങളുടെ ഓർമ്മ ചിഹ്നം. മോഡലാണെങ്കിൽ എപ്പോഴും ചെറുതാണല്ലോ ഉണ്ടാക്കുക. ഇത് തികച്ചും കൃത്യമായ മോഡലാണ്. ശിവബാബയുമുണ്ട്, ആദി ദേവനുമുണ്ട്, മുകളിൽ വൈകുണ്ഠം കാണിച്ചിരിക്കു ന്നു. ശിവബാബയുണ്ടെങ്കിൽ തീർച്ചയായും രഥവുമുണ്ടാകും. ആദി ദേവൻ ഇരിക്കുകയാണ്, ഇതും ആർക്കും അറിയുകയില്ല. ഇത് ശിവബാബയുടെ രഥമാണ്. മഹാവീരൻ തന്നെയാണ് രാജ്യഭാഗ്യം പ്രാപ്തമാക്കുന്ന ത്. ആത്മാവിൽ ബലമെങ്ങനെ വരുന്നു, ഇതും നിങ്ങളിപ്പോൾ മനസ്സിലാക്കുന്നു. ഇടയ്ക്കിടയ്ക്ക് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. നമ്മൾ ആത്മാക്കൾ സതോപ്രധാനമായിരുന്നപ്പോൾ പവിത്രമായിരുന്നു. ശാന്തിധാമം, സുഖധാമത്തിൽ തീർച്ചയായും പവിത്രരായവർ തന്നെയായിരിക്കും. ഇപ്പോൾ ബുദ്ധിയിൽ വരുന്നു, എത്ര സഹജമായ കാര്യമാണ്. ഭാരതം സത്യയുഗത്തിൽ പവിത്രമായിരുന്നു. അവിടെ അപവിത്ര ആത്മാവിനിരിക്കാൻ സാധിക്കില്ല. ഇത്രയും എല്ലാ പതിത ആത്മാക്കൾ മുകളിലേയ്ക്ക് എങ്ങനെ പോകും. തീർച്ചയായും പവിത്രമായി മാറി മാത്രമേ പോകൂ. അഗ്നി പടരുന്നു പിന്നീട് എല്ലാ ആത്മാക്കളും തിരിച്ച് പോകും. ബാക്കി ശരീരം ചാരമാകുന്നു. ഇതെല്ലാം അടയാളങ്ങളുമാണ്. ഹോളികയുടെ അർത്ഥം ആരും തന്നെ മനസ്സിലാക്കുന്നില്ല. മുഴുവൻ ലോകവും ഇതിൽ സ്വാഹായാകുന്നു. ഇത് ജ്ഞാന യജ്ഞമാണ്. ജ്ഞാന യജ്ഞം മാറ്റി ബാക്കി രുദ്രയജ്ഞമെന്ന് പറയുന്നു. വാസ്തവത്തിൽ ഇത് രുദ്ര ജ്ഞാന യജ്ഞമാ ണ്. ഇത് ബ്രാഹ്മണരിലൂടെ തന്നെയാണ് രചിക്കപ്പെടുന്നത്. നിങ്ങൾ സത്യം സത്യമായ ബ്രാഹ്മണരാണ്. എല്ലാവരും പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണല്ലോ. ബ്രഹ്മാവിലൂടെ തന്നെയാണ് മനുഷ്യ സൃഷ്ടി രചിക്കപ്പെടുന്നത്. ബ്രഹ്മാവിനെ തന്നെയാണ് ഗ്രേറ്റ്-ഗ്രേറ്റ് ഗ്രാന്റ് ഫാദറെന്ന് പറയുന്നത്, ഇവരുടെ വംശ മുണ്ടല്ലോ. വേറെ വേറെ സമൂഹത്തിന്റെ വൃക്ഷം പോലെ. നിങ്ങളുടെ ബുദ്ധിയിലുണ്ട് മൂലവതനത്തിൽ ആത്മാക്കളുടെ വൃക്ഷമാണ്, നിയമാനുസരണം. ശിവബാബ, പിന്നീട് ബ്രഹ്മാ-വിഷ്ണു-ശങ്കരൻ, പിന്നീട് ലക്ഷ്മീ നാരായണൻ മുതലായവർ ഇതെല്ലാം മനുഷ്യരുടെ വൃക്ഷമാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാ വുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. ആത്മീയ വിമോചന സേനയായി മാറി സ്വയത്തിനും സർവ്വർക്കും ശരിയായ വഴി പറഞ്ഞുകൊടുക്കണം. മുഴുവൻ ലോകത്തെയും വിഷയ സാഗരത്തിൽ നിന്ന് മോചിപ്പിക്കുന്നതിന് വേണ്ടി ബാബയുടെ പൂർണ്ണമായ സഹായിയായി മാറണം.

2. ജ്ഞാന-യോഗത്തിലൂടെ പവിത്രമായി മാറി ആത്മാവിനെ അലങ്കരിക്കണം, ശരീരത്തെയല്ല. ആത്മാവ് പവിത്രമാകുന്നതിലൂടെ ശരീരത്തിന്റെ അലങ്കാരം സ്വതവേ ഉണ്ടാകും.

## വരദാനം- അകന്നുമാറുന്നതിനു പകരം ഓരോ നിമിഷവും ബാബയുടെ ആശ്രയം അനുഭവം ചെയ്യുന്ന നിശ്ചയബുദ്ധി വിജയിയായി ഭവിക്കട്ടെ.

വിജയി ഭവയുടെ വരദാനി ആത്മാവ് ഓരോ നിമിഷവും സ്വയത്തെ സ്വയം ആശ്രയത്തിനു കീഴിലായി അനുഭവം ചെയ്യും. അവരുടെ മനസിൽ സങ്കൽപമാത്ര പോലും ആശ്രയമറ്റ അഥവാ ഏകാന്തതയുടെ അനുഭവം ഉണ്ടാകുന്നില്ല. ഒരിക്കലും ഉദാസീനത അഥവാ അൽപകാലത്തെ വൈരാഗ്യമുണ്ടാകുന്നില്ല. അവർ ഒരിക്കലും ഒരു കാര്യത്തിലും സമസ്യയിലും വ്യക്തിയിലും നിന്ന് അകന്നുമാറുന്നില്ല എന്നാൽ ഓരോ കർമവും ചെയ്തുകൊണ്ടും അഭിമുഖീകരിച്ചുകൊണ്ടും സഹയോഗിയായിക്കൊണ്ടും പരിധിയില്ലാത്ത വൈരാഗ്യവൃത്തിയിൽ കഴിയുന്നു.

## സ്ലോഗൻ-ഒരു ബാബയുടെ കൂട്ടുകെട്ടിൽ കഴിയൂ ബാബയെ തന്നെ സ്വന്തം കൂട്ടുകാരനാക്കൂ

**അവ്യക്തസൂചന: സ്വയവും സർവരെയും പ്രതി മനസാ യോഗത്തിന്റെ ശക്തികളെ പ്രയോഗിക്കൂ**
ദിവ്യബുദ്ധിയാകുന്ന വിമാനത്തിലൂടെ ഏറ്റവും ഉയർന്ന കുടുമിയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്ത് അവ്യക്തവതനവാസിയായി വിശ്വത്തിലെ സർവ ആത്മാക്കളെയും പ്രതി ശുഭഭാവനയുടെയും ശ്രേഷ്ഠകാമനയുടെയും സഹയോഗത്തിന്റെ അലകൾ പരത്തൂ. യോഗത്തിന്റെ പ്രയോഗത്തിലൂടെ ദു:ഖി അശാന്ത ആത്മാക്കൾക്ക് ശാന്തിയുടെയും ശക്തിയുടെയും സകാശ് നൽകൂ.